**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 376** **29.06.2015-ൽ മറുപടിയ്ക്ക്**

**കൂടംകുളം ആണവ നിലയം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. പി. എ. മാധവൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | കൂടംകുളം ആണവ നിലയത്തിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ടത് എത്ര മെഗാവാട്ട് വൈദ്യുതി ആണ് ; വിശദമാക്കുമോ ; | (എ) | 2000 MW (1000 മെഗാവാട്ടിന്റെ രണ്ട് യൂണിറ്റ്) സ്ഥാപിതശേഷിയുള്ള കൂടംകുളം നിലയത്തിൽ നിന്നും കെ. എസ്. ഇ. ബി. ലിമിറ്റഡിന് അർഹമായ വിഹിതം 266 മെഗാവാട്ട് (13.3 ശതമാനം) ആണ്. ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ള 1000 മെഗാവാട്ടിന്റെ ഒരു യൂണിറ്റിൽ നിന്നും 133 മെഗാവാട്ട് വൈദ്യുതി ലഭിച്ചുവരുന്നു. |
| (ബി) | ഇത് സംബന്ധിച്ച കരാർ ഒപ്പ് വച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (ബി) | ഉണ്ട്. കൂടംകുളം ആണവനിലയത്തിൽ നിന്നുള്ള വൈദ്യുതി ലഭ്യമാക്കുന്നതിന് 15.11.2013 ന് ന്യൂക്ലിയർ പവർ കോർപ്പറേഷനുമായി (NPCIL) കെ.എസ്.ഇ.ബി. ലിമിറ്റഡ് കരാർ ഒപ്പിട്ടിട്ടുണ്ട്. |
| (സി) | കൂടംകുളം ആണവ വൈദ്യുതി നിലയത്തിൽ നിന്ന് സംസ്ഥാനത്തിന്റെ വിഹിതം ലഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | (സി) | കൂടംകുളം ആണവനിലയത്തിൽ നിന്നും കേരളത്തിനർഹതപ്പെട്ട വൈദ്യുതി വിഹിതം (266 മെഗാവാട്ട്) ലഭ്യമാക്കുന്നതിന് വേണ്ടിയാണ് തിരുനെൽവേലി മുതൽ തൃശ്ശൂർ മാടക്കത്തറ വരെ 400 കെ.വി. ലൈൻ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ടി ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പവർ ഗ്രിഡ് കോർപ്പറേഷൻ (PGCIL) ആണ് നടപ്പിലാക്കുന്നത്. ടി ലൈൻ റൂട്ടിൽ ഇടമൺ മുതൽ കൊച്ചി ഈസ്റ്റ് (പള്ളിക്കര) വരെയുള്ള ഭാഗം ഒഴിച്ച് തിരുനെൽവേലി മുതൽ ഇടമൺ വരെയും മാടക്കത്തറ മുതൽ പള്ളിക്കരവരെയുമുള്ള 400 കെ.വി.ലൈൻ നിർമ്മാണവും പള്ളിക്കരയിൽ |

ഒരു 400 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. ഇടമൺ - കൊച്ചി ലൈൻ റൂട്ടിലെ തദ്ദേശവാസികളുടെ തർക്കങ്ങൾ പരിഹരിച്ച് പണി ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത ലൈൻ നിർമ്മാണ പ്രവൃത്തികളിൽ PGCIL-നെ സഹായിക്കുന്നതിനായി തിരുവല്ല ആസ്ഥാനമാക്കി കെ.എസ്.ഇ.ബി.എൽ. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക Task Force- ഉം രൂപവത്കരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**